(സി & ഡി) ശമ്പള ബിൽ മുഖേന പിടിക്കുന്ന തുക സംബന്ധിച്ച കണക്കുകൾ ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിൽ നൽകാറില്ല. റിട്ടയർ ചെയ്യുന്ന സമയത്തോ ക്വാർട്ടേഴ്സ് ഒഴിയുമ്പോഴോ വാടക സംബന്ധിച്ച കണക്കുകൾ അതാതു വകുപ്പുകളിൽ നിന്നും വാങ്ങി നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

(ഇ) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് യഥാസമയം കണക്കുകൾ ലഭ്യമാവുകയാണെങ്കിൽ ക്വാർട്ടേഴ്സ് ഒഴിയുന്ന മുറയ്ക്കുതന്നെ നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

(എഫ്-എച്ച്) വിവിധവകുപ്പുകളിൽ നിന്നും ലഭിക്കുന്ന കണക്കുകൾ കൃത്യമായി സൂക്ഷിക്കുകയും കാലതാമസമില്ലാതെ നോൺലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുക സംബന്ധിച്ച കണക്കുകൾ ഇപ്പോൾ ജീവനക്കാർ ജോലി ചെയ്യുന്ന ആഫീസുകളിൽ മാത്രമേ സൂക്ഷിക്കുന്നുള്ളു.

കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക

117 (709) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ വിവിധ കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലിന്റെ അടിസ്ഥാനത്തിൽ 2001 ഫെബ്രുവരി 1 വരെ എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പണം നൽകാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ബില്ല് മാറികിട്ടാത്തതിനാൽ തളിപ്പറമ്പിലെ ഒരു പി.ഡ്ബ്ലു.ഡി കോൺട്രാക്ടറായ സി. ജെ. ജേക്കബ് ആത്മഹത്യ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഓരോ ജില്ലയിലും 1-2-2001-ന് എത്ര രൂപയാണ് പി.ഡബ്ലു.ഡി കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡു വിഭാഗത്തിൽ 31-12-2000-ലെ കണക്കനുസരിച്ച് 614.09 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 2001 ഫെബ്രുവരി 1 -ലെ കണക്കനുസരിച്ച് 100.71 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്. മറ്റു വിഭാഗങ്ങളിലെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശികത്തുക കൊടുത്തു തീർത്തുകൊണ്ടിരിക്കുന്നു.

(സി) ശ്രീ. സി. ജെ. ജേക്കബ് ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റോഡു വിഭാഗത്തിൽ 31-12-2000-ലെ കണക്കനുസരിച്ച് 614.09 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 2001 ഫെബ്രുവരി 1-ലെ കണക്കനുസരിച്ച് 100.71 കോടി രൂപയും കുടിശ്ശികയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.*

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക

118 (710) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കരാറുകാർക്ക് എത്ര തുക കുടിശ്ശിക ഇനത്തിൽ പൊതുമരാമത്ത് വകുപ്പ് നൽകാനുണ്ട് ;

(ബി) പ്രസ്തുത കുടിശ്ശിക നൽകണമെന്ന് ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും വിധി ഉണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എത്ര തുക സർക്കാർ നൽകിയിട്ടുണ്ട് ;

(ഡി) കുടിശ്ശിക ലഭിക്കാത്തതുകൊണ്ട് ഏതെങ്കിലും കരാറുകാരൻ ആത്മഹത്യ ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അങ്ങനെ കരാറുകാരൻ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ കുടിശ്ശിക തുക ആശ്രിതർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡു വിഭാഗത്തിൽ 31-12-2000-ലെ കണക്കനുസരിച്ച് 614.09 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 31-1-2001 വരെ 100.71 കോടി രൂപയും കൊടുത്തു തീർക്കാനുണ്ട്. മറ്റു വിഭാഗങ്ങളിലെ കണക്ക് ശേഖരിച്ചു വരുന്നു.

(ബി & സി) ഉണ്ട്. പൊതുമരാമത്ത് ജലസേചന വകുപ്പുകളിലെ കോൺട്രാക്ടർമാർക്ക് 31-3-1999 വരെയുള്ള കുടിശ്ശികയിൽ 150 കോടി രൂപ നൽകാൻ 20-10-2000-ൽ കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം 168.92 കോടി രൂപ നൽകിയിട്ടുമുണ്ട്.

(ഡി) കണ്ണൂർ തളിപ്പറമ്പ് പ്രദേശത്ത് പുഷ്പഗിരിയിലെ കരാറുകാരൻ ശ്രീ.സി.ജെ.ജേക്കബ് ആത്മഹത്യ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പരിശോധിച്ചു വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly